# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4217** — **24-06-2019 ൽ മറുപടിയ്ക്ക്**

## ഫ്ലഡ് പ്രോൺ ഏരിയ മാപ്പിംഗ് സർവ്വേ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) | കടലുണ്ടിപ്പുഴയുടെ മലപ്പുറം പരിധിയിലുള്ള ഫ്ലഡ് പ്രോൺ ഏരിയ മാപ്പിംഗ് സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | കടലുണ്ടിപ്പുഴയുടെ ഫ്ലഡ് പ്രൊൺ ഏരിയാ മാപ്പിംഗ് സർവ്വേ നടപടികൾക്കായി ഒറ്റവമ്പ്രം പാലം മുതൽ കരിയാട് പാലം വരെയുള്ള 70.കി.മീ.ഭാഗം സർവ്വേ ചെയ്യുന്ന പ്രവർത്തിക്ക് കരാറിലേർപ്പെട്ടെങ്കിലും കരാർ കാലാവധിക്കുള്ളിലും നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും കരാറുകാരൻ ഏകദേശം 30 ശതമാനത്തോളം പ്രവർത്തി മാത്രമാണ് പൂർത്തീകരിച്ചത്.അനുവദിച്ച കാലാവധിക്കുള്ളിൽ കരാറുകാരൻ പ്രവർത്തി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതിനാൽ ഈ പ്രവർത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവർത്തി റദ്ദ് ചെയ്ത് കരാർ പുനക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| ബി) | കടലുണ്ടിപ്പുഴയിലെ നിലവിലെ ശുദ്ധജല പദ്ധതികളുടെ സ്ഥാനവും സംഭരണശേഷിയും സംബന്ധിച്ച പുതിയ ഡിസൈനും ഡി.പി.ആറും തയ്യാറാക്കുവാൻ സർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽഇക്കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ